# പതിനാലാം കേരള നിയമസഭ
## രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 659 | 28/9/2016 -ൽ മറുപടിക്ക്

# കുട്ടനാട്ടിലെ സമഗ്ര കുടിവെള്ള പദ്ധതി

| ചോദ്യം | | മറുപടി |
|---|---|---|
| ശ്രീ. തോമസ് ചാണ്ടി | | മാത്യു ടി.തോമസ് (ജലവിഭവ വകുപ്പുമന്ത്രി) |
| (എ) കുട്ടനാട്ടിലെ സമഗ്ര കുടിവെള്ള പദ്ധതിയുടെ നിർമ്മാണ പ്രവൃത്തികൾ സംബന്ധിച്ച വിശദാംശം ലഭ്യമാക്കുമോ; | (എ) | പതിമൂന്നാം ധനകാര്യ കമ്മീഷന്റെ ധനസഹായത്തോടുകൂടി 70 കോടി രൂപയുടെ ഭരണാനുമതി ലഭിച്ച പ്രസ്തുത പദ്ധതിയുടെ ഘടകങ്ങൾ ചുവടെ ചേർക്കുന്നു.<br>നീരേറ്റുപുറം ശുദ്ധീകരണശാലയിൽ നിന്നുള്ള 14 എം.എൽ.ഡി ശുദ്ധജലവും തിരുവല്ല ശുദ്ധീകരണശാലയിൽ നിന്നുള്ള 6 എം.എൽ.ഡി ശുദ്ധജലവും ഉൾപ്പെടെ 20 എം.എൽ.ഡി ശുദ്ധജലം കുട്ടനാട്ടിലെ 13 പഞ്ചായത്തുകളിലെ ടാങ്കുകളിൽ എത്തിക്കുന്നതിനും ആ ടാങ്കിൽ നിന്നുള്ള വിതരണ ശൃംഖലയുടെ മെയിൻ പൈപ്പ്ലൈനുകൾ സ്ഥാപിച്ച് നിലവിലുള്ള വിതരണശൃംഖലയും കൂടി പ്രയോജനപ്പെടുത്തി കുട്ടനാട്ടിലെ ജലവിതരണം മെച്ചപ്പെടുത്തുന്നതിനാണ് ലക്ഷ്യമിട്ടിരിക്കുന്നത്. ഉന്നത തല ജലസംഭരണികൾ ഇല്ലാത്ത കാവാലം, തകഴി പഞ്ചായത്തുകളിലെ ജലസംഭരണിയുടെ നിർമ്മാണവും പദ്ധതിയുടെ ഭാഗമായി ഉൾപ്പെടുത്തിയിട്ടുണ്ട്. വിശദമായ വിവരങ്ങൾ താഴെ പറയും പ്രകാരമാണ്.<br>**I. ട്രാൻസ്മിഷൻ പൈപ്പ് ലൈൻ -**<br>(1) പാക്കേജ് I (a)<br>(a) കിടങ്ങറ പാലത്തിന് സമീപം നിലവിലുള്ള പൈപ്പ് ലൈൻ മുതൽ നീലംപേരൂർ ജലസംഭരണി വരെയുള്ള 500 mm/355 mm/225 mm പൈപ്പ് |

ലൈൻ (ആകെ ഇടാൻ ഉദ്ദേശിക്കുന്ന പൈപ്പ് ലൈനിന്റെ നീളം - 16.78 കി.മീ., 16.6 കി.മീ പണികൾ പൂർത്തിയായി)

(b) എടത്വാ പമ്പ് ഹൗസ് മുതൽ വീയ്യപുരം ഉന്നതതല ജലസംഭരണി വരെയുള്ള 355 mm/280 mm പൈപ്പ് ലൈൻ (10.418 കി.മീ ഇടാൻ ഉദ്ദേശിക്കുന്നതിൽ 9 കി.മീ- പണികൾ പൂർത്തിയായി)

(2) പാക്കേജ് II(a)

(a) നീരേറ്റുപുറം മുതൽ മാമ്പഴക്കരി വരെയുള്ള 800 mm HDPE പൈപ്പ് ലൈൻ (12.108 കി.മീ പൈപ്പ് ലൈനിൽ 10.808 കി.മീ പണികൾ പൂർത്തിയായി)

(b) പള്ളികൂട്ടുമ്മ പമ്പ് ഹൗസ് മുതൽ കാവാലം ജലസംഭരണി വരെയുള്ള (നിർമ്മിക്കാൻ ഉദ്ദേശിക്കുന്നത്) 355 mm/225mm HDPE പൈപ്പ് ലൈൻ (5.692 കി.മീ) പണികൾ പൂർത്തിയായി.

## II. വിതരണശൃംഖല

(1) പാക്കേജ്-I

തകഴി, എടത്വാ, തലവടി, മുട്ടാർ, വെളിയനാട്, നീലംപേരൂർ പഞ്ചായത്തുകളിലെ വിതരണ ശൃംഖലയുടെ പ്രധാന ഭാഗവും 4.5 ലക്ഷം ലിറ്റർ സംഭരണ ശേഷിയുള്ള തകഴിയിലെ ഉന്നതതല ജലസംഭരണിയും ഉൾപ്പെടുന്നതാണ്.

| പഞ്ചായത്ത് | ഇടാൻ ഉദ്ദേശിക്കുന്ന പൈപ്പിന്റെ നീളം | ഇട്ട പൈപ്പിന്റെ നീളം |
|---|---|---|
| തകഴി | 11 കി.മീ. | 6 കി.മീ. |
| എടത്വാ | 8.7 കി.മീ. | 3.4 കി.മീ. |
| തലവടി | 8.37 കി.മീ. | 7.1 കി.മീ. |
| മുട്ടാർ | 8.7 കി.മീ. | 5.2 കി.മീ. |

| | | |
|---|---|---|
| വെളിയനാട് | 9.7 കി.മീ. | 2.2 കി.മീ. |
| നീലംപേരൂർ | 2.5 കി.മീ. | 2.5 കി.മീ. |
| ആകെ | 48.97 കി.മീ. | 26.4 കി.മീ. |

ടാങ്കിന്റെ പണികൾ ആരംഭിക്കേണ്ടതായിട്ടുണ്ട്.

(2) <u>പാക്കേജ്-IV</u>

രാമങ്കരി, പുളിങ്കുന്ന്, കാവാലം, ചമ്പക്കുളം, നെടുമുടി, കൈനകരി, പഞ്ചായത്തുകളിലെ വിതരണശൃംഖലയുടെ പ്രധാന ഭാഗവും കാവാലത്തെ 3.5 ലക്ഷം ലിറ്റർ ശേഷിയുള്ള ഉന്നതതല ജലസംഭരണിയും ഉൾപ്പെടുന്നു.

| പഞ്ചായത്ത് | ഇടാൻ ഉദ്ദേശിക്കുന്ന പൈപ്പിന്റെ നീളം |
|---|---|
| കാവാലം | 965 മീ. |
| ചമ്പക്കുളം | 910 മീ. |
| പുളിങ്കുന്ന് | 580 മീ. |
| രാമങ്കരി | 540 മീ. |
| കൈനകരി | 4930 മീ. |
| നെടുമുടി | 3845 മീ. |
| ആകെ | 11770 മീ. |

പ്രസ്തുത പാക്കേജിന്റെ പുനർ ദർഘാസ് ക്ഷണിക്കുവാനുണ്ട്.

(ബി) പ്രസ്തുത പദ്ധതി പ്രകാരം കുടിവെള്ള വിതരണത്തിനായി ഡിസ്ട്രിബ്യൂഷൻ ലൈൻ സ്ഥാപിക്കുന്നതിനുള്ള നടപടികൾ ആരംഭിക്കുമോയെന്ന് വ്യക്തമാക്കുമോ;

(ബി) ആരംഭിച്ചിട്ടുണ്ട്.

(സി) കുട്ടനാട്ടിലെ ഒറ്റപ്പെട്ട തുരുത്തുകളിലും കായൽ തീരങ്ങളിലും താമസിക്കുന്ന കുടുംബങ്ങൾക്ക് ശുദ്ധജലം ലഭ്യമാക്കുന്നതിന് മഴവെള്ള സംഭരണി സ്ഥാപിച്ചു നൽകുന്നതിന് നടപടി സ്വീകരിക്കുമോ?

(സി) ഇപ്പോൾ സർക്കാരിന്റെ പരിഗണനയിലില്ല

സെക്ഷൻ ഓഫീസർ

JSK/